# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2726 | 09-05-2017 ൽ മറുപടിക്ക്

ചോദ്യം | മറുപടി

| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എം.വിൻസെന്റ് | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം എത്ര തുക സംസ്ഥാനം ചെലവിട്ടു;2015-16 മായി താരതമ്യപ്പെടുത്തുമ്പോൾ ഇതിൽ വർദ്ധനവുണ്ടോ;വ്യക്തമാക്കുമോ; | (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 2426.86 കോടി രൂപയാണ് സംസ്ഥാനം ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷത്തിൽ 1483.50 കോടി രൂപയാണ് ചെലവഴിച്ചത്. 2015-16 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ പദ്ധതി ചെലവിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 943.35 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | 2016-17 ൽ മൊത്തം നൽകിയ തൊഴിൽ ദിനങ്ങൾ, കുടുംബത്തിന് കിട്ടിയ ശരാശരി തൊഴിൽദിനങ്ങൾ എന്നിവയിൽ കുറവ് വന്നിട്ടുണ്ടോ; | (ബി) | 2016-17 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ 684.63 ലക്ഷമാണ്. ഇതേ കാലയളവിൽ ജോലിക്ക് പങ്കെടുത്ത ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 46.97 ആണ്. മുൻവർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽദിനങ്ങളിൽ 57.10 ലക്ഷം തൊഴിൽദിനങ്ങളുടെയും ശരാശരി തൊഴിൽദിനങ്ങളിൽ 2.28 ദിവസങ്ങളുടെയും കുറവ് ഉണ്ടായിട്ടുണ്ട്. |
| (സി) | നടപ്പ് വർഷം കേരളത്തിലെ തൊഴിലുറപ്പ് കൂലിയിൽ കേന്ദ്രം വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ 28.02.2017-ലെ എസ്.ഒ.666(ഇ)നം. വിജ്ഞാപനപ്രകാരം 01.04.2017 മുതൽ കൂലി 240/-രൂപയിൽ നിന്ന് 258/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ ഈ വർഷം പുതിയതായി ഏതെങ്കിലും തൊഴിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;വിശദാംശം നൽകുമോ? | | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പുതുതായി ഈ വർഷം സർക്കാർ സ്കൂളുകൾക്ക് ചുറ്റമതിൽ എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**